(ബി) നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും പൂർത്തിയാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ ;

(സി) നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കോൺട്രാക്ടർമാർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിരത്ത് വിഭാഗത്തിൻകീഴിൽ ഭരണാനുമതി ലഭിച്ചതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതുമായി 19 പ്രവൃത്തികൾ ഇനിയും പൂർത്തിയാക്കാനുണ്ട്. കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും പൂർത്തിയാക്കാത്ത പ്രവൃത്തികളുടെ വിശദാശം അനുബന്ധം ആയിചേർത്തിരിക്കുന്നു.*

(സി) നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കോൺട്രാക്ടർമാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

കുരിശുമുട്-അടയ്ക്കാട് അവിച്ചകുളം തെങ്ങിനാൽ റോഡ് (പള്ളിക്കൽ ഗ്രാമപഞ്ചായത്ത്) നവീകരണം

248 (5333) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ നിയോജകമണ്ഡലത്തിലെ കുരിശുമുട്-അടയ്ക്കാട് അവിച്ചകുളം തെങ്ങിനാൽ റോഡ് (പള്ളിക്കൽ ഗ്രാമപഞ്ചായത്ത്) നവീകരിക്കുന്നതിനുവേണ്ടി സ്ഥലം എം.എൽ.എ. നിവേദനങ്ങൾ നൽകിയിട്ടുണ്ടോ ;. ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത നിവേദനങ്ങൾ നൽകിയിട്ടുള്ളത് ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ച് സ്ഥലം എം.എൽ.എ. എത്ര പ്രാവശ്യം നിവേദനങ്ങൾ നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 4 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. 6-2-2014, 7-7-2014, 5-8-2014, 2-8-2014 എന്നീ തീയതികളിലാണ് ലഭ്യമായത്.

(സി) കരിശ്ശുമുട്-അടയ്ക്കാട്-അവിച്ചകുളം-തെങ്ങിനാൽ റോഡിന്റെ പുനരുദ്ധാരണത്തിനും ബ്ലാക്ക് ടോപ്പിംഗിനുമായി 2 കോടി രൂപയുടെ ഭരണാനുമതി ജി.ഒ. (ആർറ്റി.) നമ്പർ 687/2015 പൊ.മ.വ തീയതി 21-5-2015 പ്രകാരം നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി ഉടനെ നൽകുന്നതാണ്. ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ചാവക്കാട്-വടക്കാഞ്ചേരി റോഡ് പുനരുദ്ധാരണം

249 (5334) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച ചാവക്കാട്-വടക്കാഞ്ചേരി പി.ഡബ്ല്യു.ഡി. റോഡിലെ ചാട്ടുകുളംമുതൽ കുന്ദംകുളം വരെയുള്ള ഭാഗത്തെ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വ്യക്തമാക്കാമോ ;

(ബി) പ്രസ്തുതറോഡിന്റെ പുനരുദ്ധാരണം സമയബന്ധിതമായി തീർക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി വേഗത്തിൽ ചെയ്തു തീർക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2009-10 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച ചാവക്കാട്-വടക്കാഞ്ചേരി പി.ഡബ്ല്യു.ഡി. റോഡിലെ ചാട്ടുകുളംമുതൽ കുന്ദംകുളം വരെയുള്ള ഭാഗത്തെ റോഡ് പുനരുദ്ധാരണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതുകൊണ്ട് ടി കരാറുകാരനെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. ബാക്കി പ്രവൃത്തികൾക്ക് വീണ്ടും ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാരാരും ടെണ്ടറിൽ പങ്കെടുക്കുവാൻ മുന്നോട്ട് വന്നിട്ടില്ല.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly